നം. ഇ.എച്ച്.1-46690/2016/ആ.വ.ഡ. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 26/04/2017

## സർക്കുലർ

വിഷയം ആ.വ.ഡ. -പൊതു സ്ഥലംമാറ്റം -2017 ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനും, സ്ഥാപനമേധാവികൾക്കും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ -സംബന്ധിച്ച് -

സൂചന ഈ ഓഫീസിലെ 20/04/2017 ലെ ഇതേ നം. സർക്കുലർ.

ആരോഗ്യവകുപ്പിലെ 2017 ലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനും, സ്ഥാപക മേധാവികൾക്കും ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തി എല്ലാ സ്ഥാപന മേധാവികളേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

1. ജീവനക്കാർക്ക് ഓൺലൈൻ വഴി അപേക്ഷ, സമർപ്പിക്കുവാനുള്ള അവസാന തീയതി 02/05/2017 ന് വൈകിട്ട് 5 മണിവരെ മാത്രമേ ലഭ്യമാകുകയുള്ളൂ.
2. ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ആഫീസ് മേധാവി പരിശോധിച്ച് ശരിയാണ് എന്ന് ഉറപ്പുവരുത്തി ജില്ലാ മെഡിക്കൽ ആഫീസർക്ക് സമർപ്പിക്കുവാനുള്ള തീയതി 08/05/2017 വൈകിട്ട് 5 മണി ആയിരിക്കും.
3. ജില്ലാ മേലധികാരിക്ക് ലഭിക്കുന്ന അന്തർ ജില്ലാ സ്ഥലംമാറ്റത്തെ സംബന്ധിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 15/05/2017 വൈകുന്നേരം 5 മണി ആണ്.
4. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ അന്തർ ജില്ലാ സ്ഥലംമാറ്റങ്ങളുടെ കരട് പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി 19/05/2017.
5. അപ്പീൽ സമർപ്പിക്കേണ്ട അവസാന തീയതി 24/05/2017 വൈകുന്നേരം 5 മണി ആണ്.
6. അന്തർ ജില്ലാ സ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് 29/05/2017 ന് പ്രസിദ്ധീകരിക്കുന്നതാണ്.
7. ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റങ്ങളുടെ കരട് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി 02/06/2017 ഉം അതിന്മേൽ ഉള്ള അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി

07/06/2017 ഉം ആണ്. എല്ലാ ജീവനക്കാരും ആഫീസ് മേധാവികളും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ ഈ വിധം സ്പാർക്ക് മുഖാന്തിരം ആണ് സമർപ്പിക്കേണ്ടത്.

8. ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി നൽകുക, മറച്ച് വയ്ക്കുക, വീഴ്ച വരുത്തുക തുടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.
9. ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് യഥാസമയം സ്പാർക്കിൽ അപ്‌ലോഡ് ചെയ്യാത്തതുകാരണം ഏതെങ്കിലും ജീവനക്കാരന്/ജീവനക്കാരിക്ക് ഒരു പ്രത്യേക സ്ഥാപനത്തിൽ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാനുള്ള അവസരം നഷ്ടപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപന മേധാവിക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട വ്യക്തികളും ഫോൺ നമ്പരും ചുവടെ ചേർക്കുന്നു.

1) ഡോ. കൃഷ്ണകുമാർ, ഡെപ്യൂട്ടി ഡയറക്ടർ (ഓഫ്താൽമോളജി), നോഡൽ ഓഫീസർ.
2) ശ്രീ. ജോൺസ് ജെ. സി., കംപ്യൂട്ടർ പ്രോഗ്രാമർ - 9895237090
3) ശ്രീ. എ. സജികുമാർ, സീനിയർ ക്ലാർക്ക് - 9446018041
4) ശ്രീ. വിഷ്ണു എൻ. ചന്ദ്രൻ, സീനിയർ ക്ലാർക്ക് - 9400484841

ഡോ. രാജു വി. ആർ.

**ആരോഗ്യവകുപ്പ് ഡയറക്ടർ (ഇൻ ചാർജ്ജ്)**

പകർപ്പ്

1. ഫയൽ/കരുതൽ ഫയൽ.